കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ മാനേജിംഗ് ഡയറക്ടർ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി കൂടിയാലോചിച്ച് ശിപാർശ നൽകുവാനും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

റാന്നി ഉതിമൂട്ടിൽ കിൻഫ്ര ഏറ്റെടുത്ത സ്ഥലത്തെ വ്യവസായ പ്രവർത്തനങ്ങൾ

219 (564) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി ഉതിമൂട്ടിൽ കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് ആയിരത്തിലധികം പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിക്കുമായിരുന്ന വസ്തു വ്യവസായം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നും പദ്ധതി സർക്കാർ ഉപക്ഷിക്കുകയുണ്ടായോയെന്നും എങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് മറ്റെന്തെങ്കിലും വ്യവസായം ചെയ്യാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ വസ്തു വിട്ടുകിട്ടിയിട്ടും വ്യവസായം ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ഇവിടെ പുതിയ വ്യവസായം ആരംഭിക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനായി കിൻഫ്ര എം.ഡി. മുൻകൈ എടുത്ത് സ്ഥലം എം.എൽ.എ.-യുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇവിടെ വ്യവസായ പാർക്ക് എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റാന്നി ഉതിമൂട്ടിൽ ഒരു ഗേൾ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഭൂമി ഏറ്റെടുത്തിരുന്നത്. പ്രസ്തുത പദ്ധതി വയബിൾ അല്ലാത്തതിനാലാണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നത്. റാന്നിയിലെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 17-7-2014-ൽ ഒരു യോഗം നടത്തുകയും കിൻഫ്ര

LIBRARY ARCHIVES Kerala Legislative Assembly

മാനേജിംഗ് ഡയറക്ടർ ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യുമായി കൂടിയാലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുവാനും അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ മാനേജിംഗ് ഡയറക്ടർ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി കൂടിയാലോചിച്ച് ശിപാർശ നൽകുവാനും നിർദ്ദേശം നൽകിയിരുന്നു.

(ബി) 17-7-2014-ലെ യോഗ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ 17-7-2014-ലെ യോഗ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്.

(ഡി) പ്രസ്തുത യോഗ തീരുമാനപ്രകാരം റാന്നിയിൽ കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

മലബാർ സിമെന്റ്സ്

220 (565) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ സിമെന്റ്സ് കമ്പനിയുടെ ലാഭം ഓരോ വർഷത്തിലും എത്ര ആണെന്ന് വേർതിരിച്ച് വിശദമാക്കാമോ ;

(ബി) 2006 മുതൽ 2011 വരെയുള്ള കാലയളവിൽ പ്രസ്തുത കമ്പനിയുടെ ലാഭം എത്രയായിരുന്നുവെന്ന് വേർതിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ)

2011-12	5081.49 ലക്ഷം രൂപ
2012-13	4872.96 " "
2013-14	935.63 " "
2014-15	2018.77 " "
2015-16	966.07 " "

(April & May 2015)

ആകെ - 12908.85 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly